# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ 3482**

**15/07/2015-ൽ മറുപടിക്ക്**

## പകർച്ച വ്യാധികൾ തടയാൻ ജീവനക്കാരും മരുന്നും

ചോദ്യം

**ശ്രീ.റ്റി.യു. കുരുവിള**
**ശ്രീ.സി.എഫ്.തോമസ്**
**ശ്രീ.മോൻസ് ജോസഫ്**
**ശ്രീ.തോമസ് ഉണ്ണിയാടൻ**

എ) പകർച്ച വ്യാധികൾ പടർന്ന് പിടിക്കാതിരിക്കുവാൻ സർക്കാർ ആശുപത്രികളിൽ മതിയായ ജീവനക്കാരും മരുന്നും ഉണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രത്യേക മോണിറ്ററിംഗ് സെൽ ജില്ലാ തലങ്ങളിൽ രൂപീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

എ) ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മഴക്കാല രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും അവലോകനം ചെയ്യുവാനും പ്രത്യേക മോണിറ്ററിംഗ് സെൽ (ജില്ലാ പൊതുജനാരോഗ്യ ടീം) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. പകർച്ച വ്യാധികളുണ്ടാവുമ്പോൾ ഉടൻതന്നെ മരുന്നും ചികിൽസയും ഡോക്ടർമാരുടെ ലഭ്യതയും ഉറപ്പാക്കൽ, രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ തുടങ്ങിയവ ഇതുവഴി ഉറപ്പാക്കുന്നു. ഇതു കൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും 24 x7 കൺട്രോൾ റൂം രൂപീകരിച്ച് പകർച്ചവ്യാധി റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അടിയന്തിര നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ അതാത് സ്ഥാപനങ്ങൾക്ക് നൽകുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നു.

കൂടാതെ ഐ.ഡി.എസ്.പി. യുടെ പ്രതിവാരയോഗങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, ജില്ലാ മെഡിക്കൽ ആഫീസിലും,

സംസ്ഥാന ഇന്റർഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോജക്റ്റ് സ്റ്റേറ്റ് സർവൈലൻസ് യൂണിറ്റിലും നടത്തി രോഗം പൊട്ടിപ്പുറപ്പെടുവാനുള്ള സൂചന മുൻകൂറായി റിപ്പോർട്ട് ചെയ്യുകയും അതിനനുസരിച്ചുള്ള രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ചെയ്തു വരുന്നുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങൾ വിദഗ്ദ്ധർ അടങ്ങിയ സംഘം സന്ദർശിച്ച് വേണ്ട നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ജില്ലാ സംസ്ഥാനതലത്തിലുള്ള ദ്രുതകർമ്മസേനയും ചേർന്ന് പകർച്ചവ്യാധികളുടെ കാര്യകാരണ വിശകലനം ഉൾപ്പെടെയുള്ള പഠനം നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**